# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ (ഇൻ ചാർജ്ജ്)- ന്റെ നടപടിക്രമം

**(റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് ബിൽഡിംഗ്,മ്യൂസിയം, തിരുവനന്തപുരം**

**(ഹാജർ:-** സബിൻ സമീദ്)

എൽ.ആർ.ഇ 4-111/2017 തീയതി: 5.9.2019

വിഷയം: ജീവനക്കാര്യം -സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക്/എസ്.വി.ഒ. തസ്തികയിലേക്കുള്ള തസ്തികമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-
1) ജി.ഒ.(എം.എസ്.) നം. 301/68/ പി.ഡി. തീയതി, 26/9/68
2) സർക്കാർ കത്ത് നം. 33532/ റ്റി3/ 12/ ആർ.ഡി. തീയതി 18/6/12
3) ജി.ഒ.(എം.എസ്.) നം. 41/ 12/ പി.& എ.ആർ.ഡി. തീയതി, 23/8/12
4) ജി.ഒ.(എം.എസ്.) നം. 8/ 13/ പി.&എ.ആർ.ഡി. തീയതി, 5/4/13
5) എൽ.ആർ.എൻ(2)- 17496/ 19, തീയതി 27/5//19, എൽ.ആർ.എൻ(2)- 20312/ 19, തീയതി 19/6/19, എൽ.ആർ.എൻ.(2)-20967/19, തീയതി 19/6/19, എൽ.ആർ.എൻ.(2)- 11055/ 19, തീയതി 18/3/19, എൽ.ആർ.എൻ.(2)- 24180/ 19, തീയതി 5/7/19 ലെ അനൗദ്യോഗിക കുറിപ്പുകൾ.

പരാമർശം ഒന്ന് മുതൽ നാല് വരെയുള്ള സർക്കാർ ഉത്തരവുകളുടെയും കത്തിന്റെയും അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി സീനിയർ ക്ലാർക്ക്/എസ്.വി.ഒ. ആയി നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ ആവശ്യമായ വിവരങ്ങൾ സഹിതം പരാമർശം അഞ്ച് പ്രകാരം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം തസ്തികമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര് | എൽ.ഡി.റ്റി ആയി സർവ്വീസിൽ പ്രവേശിച്ച തീയതി | യു.ഡി.റ്റി സ്ഥാനക്കയറ്റം ലഭിച്ച തീയതി | യു.ഡി.റ്റി സീനിയോരിറ്റി നം. | അപേക്ഷ തീയതി | ഇപ്പോൾ ജോലി നോക്കുന്ന ജില്ല | തസ്തിക മാറ്റം വഴി നിയമിച്ച ജില്ല |
|---|---|---|---|---|---|---|---|
| 1. | ശ്രീ.വിബി. ഏലിയാസ്. | 22/05/08 | 08/12/2011 | 666 | 02/05/19 | എറണാകുളം | ഇടുക്കി |
| 2. | ശ്രീമതി ഷൈമോൾ സാദിഖ് | 22/11/12 | 30/12/2014 | 646 | 18/05/19 | എറണാകുളം | കാസർഗോഡ് |
| 3. | ശ്രീമതി ശുഭപോൾ | 22/11/12 | 10/03/2015 | 656 | 22/05/19 | എറണാകുളം | കാസർഗോഡ് |
| 4. | ശ്രീ. പ്രശാന്ത്. എൻ.കെ. | 05/12/12 | 30/12/2014 | 644 | 15/11/18 | എറണാകുളം | കാസർഗോഡ് |
| 5. | ശ്രീ. അനുറാം. ആർ..വി. | 11/12/12 | 30/12/2014 | 667 | 31/05/19 | പത്തനംതിട്ട | മലപ്പുറം |

പരാമർശം രണ്ടിലെ നിർദ്ദേശാനുസരണം ടിയാൾക്കാരുടെ പ്രൊബേഷൻ കാലാവധി തുടർച്ചയായ 2 വർഷ കാലയളവിനുള്ളിൽ ഒരു വർഷ സേവനമായി രിക്കുന്നതും പ്രൊബേഷൻ കാലയളവിൽ ടിയാൾക്കാർ ചെയിൻ സർവ്വെ പരീക്ഷ പാസ്സാകേണ്ടതുമാണ്. ടിയാൾക്കാരുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്ന തിനുള്ള ശിപാർശ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ യഥാസമയം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

പത്തനംതിട്ട, എറണാകുളം ജില്ലാ കളക്ടർമാർ ഉടൻ പ്രാബല്യത്തിൽ ടി ജീവനക്കാരെ വിടുതൽ ചെയ്യും ഇടുക്കി, മലപ്പുറം, കാസർഗോഡ് ജില്ലാ കളക്ടർമാർ ടിയാൾക്കാർക്ക് അനുയോജ്യമായ നിയമനം നൽകി പ്രസ്തുത വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ(I/C)

കക്ഷികൾക്ക്
(ജില്ലാ കളക്ടർ മുഖേന)

പകർപ്പ്-

1) ജില്ലാ കളക്ടർ, പത്തനംതിട്ട, എറണാകുളം, ഇടുക്കി, മലപ്പുറം, കാസർഗോഡ്
2) കമ്മീഷണർ/ജോയിന്റ് കമ്മീഷണറുടെ സി.എ.മാർക്ക്
3) അസിസ്റ്റന്റ് കമ്മീഷണർ(ആർ.ഇ)/എസ്.സി.
4) എൽ.ആർ. എൻ(2), എൻ(1)
5) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

റ്റി1/5/9